# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 77** **27.04.2017 - ൽ മറുപടിക്ക്**

## ആദിവാസി വിഭാഗങ്ങൾക്ക് ജാമ്യം ലഭിക്കാനുള്ള നിയമവ്യവസ്ഥ

**ചോദ്യം** **ഉത്തരം**

ശ്രീ. സി. കെ. നാണു
ശ്രീ. കെ. കൃഷ്ണൻകുട്ടി
ശ്രീ. കെ. ബി. ഗണേഷ്കുമാർ

**ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

| | | |
|---|---|---|
| (എ) | കേരളത്തിൽ ചില ജില്ലകളിൽ ആദിവാസി വിഭാഗങ്ങൾക്ക് ജാമ്യം ലഭിക്കാൻ ആദിവാസി ഇതര വിഭാഗത്തിന്റെ കൂടി കരം അടച്ച രസീത് വേണമെന്ന നിയമ വ്യവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>എന്നാൽ കോടതിയിൽ നിന്നും ജാമ്യം ലഭിക്കുന്നതിന് കരം അടച്ച രസീത് വേണമെന്ന നിയമ വ്യവസ്ഥ നിലനിൽകുന്നുണ്ട്. പട്ടിക വർഗ്ഗക്കാരിൽ പലരുടെയം ഭൂമിക്ക് പട്ടയമില്ല. പകരം കൈവശ രേഖയാണ് ഉള്ളത്. വനാവകാശ നിയമപ്രകാരം ലഭ്യമാകുന്ന ഭൂമിക്കും ആദിവാസി പുനരധിവാസ മിഷൻ മുഖേന നൽകുന്ന ഭൂമിക്കും കൈവശരേഖയാണ് നൽകുന്നത്. ടി രേഖകൾ കോടതി ജാമ്യത്തിനായി സ്വീകരിക്കുകയില്ല. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ ജാമ്യം ലഭിക്കുന്നതിന് ആദിവാസി ഇതര വിഭാഗക്കാരുടെ കരം അടച്ച രസീത് ആശ്രയിക്കേണ്ടി വരുന്നുണ്ട്. എന്നാൽ ഇതിനെതിരെ പരാതികളോ നിവേദനങ്ങളോ ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | വയനാട് പോലെയുള്ള ജില്ലകളിൽ ഇത്തരത്തിൽ വിചിത്ര നിയമത്തിന്റെ ബലിയാടുകളായി കഴിയുന്ന ആദിവാസി യുവതീ യുവാക്കൾക്ക് നിയമസഹായം ലഭ്യമാക്കിയിട്ടുണ്ടോ; | കേരളത്തിൽ വയനാട് പോലെയുള്ള ജില്ലകളിൽ ആദിവാസി വിഭാഗങ്ങൾക്ക് ജാമ്യം ലഭിക്കുന്നതിന് ആദിവാസി ഇതര വിഭാഗക്കാരുടെ കരം അടച്ച രസീത് നിർബന്ധിതമാക്കുന്ന ഒരു നിയമ വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ നിയമസഹായം ലഭ്യമാക്കേണ്ടുന്ന ആവശ്യകത ഉണ്ടായിട്ടില്ല. |

| | | |
|---|---|---|
| (സി) | വിവേചനപരമായ ഇത്തരം നിയമങ്ങൾ ഒഴിവാക്കുന്നതിനും എല്ലാവർക്കും തുല്യനീതി ഉറപ്പ് വരുത്തുന്നതിനും നിയമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | ജാമ്യം അനുവദിക്കുന്നത് സംബന്ധിച്ച ക്രിമിനൽ നടപടി നിയമസംഹിതയിലെ നിലവിലെ വ്യവസ്ഥകളിൽ ആദിവാസി വിഭാഗങ്ങൾക്ക് വിവേചനപരമായ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് മേൽ നടപടികൾ ആവശ്യമായി വരുന്നില്ല. |

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ